നം.ബി1/853/2018-ൽ ഉടമസ്ഥാവകാശം സ്ഥാപിച്ച് കൊടുക്കുവാനുള്ള അധികാരം RDO ഓഫീസിനില്ലെന്നും ആയതിന് ഖാദി ബോർഡ് സിവിൽ കോടതിയെ സമീപിച്ച് പ്രശ്നപരിഹാരം കാണണമെന്ന് നിർദ്ദേശിച്ചതുപ്രകാരം ആയതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

കയർ ഭൂവസ്ത്രം പദ്ധതി

179(193) ശ്രീ. മുരളി പെരുനെല്ലി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻ സർക്കാരിന്റെ ഭരണകാലത്ത് മണലൂർ നിയോജകമണ്ഡലത്തിലെ ഏതെല്ലാം പഞ്ചായത്തുകളിൽ കയർ ഭൂവസ്ത്രം പദ്ധതി നടപ്പാക്കുകയുണ്ടായി എന്ന് അറിയിക്കാമോ?

മണലൂർ നിയോജകമണ്ഡലത്തിലെ എളവള്ളി, വെങ്കിടങ്ങ്, പാവറട്ടി, ചൂണ്ടൽ, മണലൂർ, മുല്ലശ്ശേരി, അരിമ്പൂർ, കണ്ടാണ്ണശ്ശേരി, വാടാനപ്പള്ളി, എന്നീ പഞ്ചായത്തുകളിൽ കയർ ഭൂവസ്ത്ര പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്.

(ബി) ഓരോ പഞ്ചായത്തിലും ഇതിനായി ചെലവഴിച്ച തുക എത്രയാണെന്ന് വ്യക്തമാക്കുമോ?

ഓരോ പഞ്ചായത്തിലും ഇതിനായി ചെലവഴിച്ച തുക സംബന്ധിച്ച വിവരങ്ങൾ ചുവടെ ചേർക്കുന്നു: 1. വാടാനപ്പള്ളി:- 5,05,050 രൂപ 2. മണലൂർ:- 2,38,875 രൂപ 3. ചൂണ്ടൽ:- 2,04,750 രൂപ 4. എളവള്ളി:- 4,77,750 രൂപ 5. അരിമ്പൂർ:- 3,24,119 രൂപ 6. കണ്ടാണശ്ശേരി:- 2,57,985 രൂപ

(സി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കയർ ഭൂവസ്ത്രം പദ്ധതി പ്രകാരം പ്രസ്തുത മണ്ഡലത്തിൽ എന്തെല്ലാം പ്രവൃത്തികൾ നിർവ്വഹിച്ചിട്ടുണ്ട്; വിശദാംശങ്ങൾ നൽകാമോ?

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കയർ ഭൂവസ്ത്രം പദ്ധതി പ്രകാരം മണലൂർ മണ്ഡലത്തിൽ പുതിയതായി പ്രവൃത്തികളൊന്നും നിർവ്വഹിച്ചിട്ടില്ല.

കയർ വകുപ്പിന്റെ തൃശ്ശൂർ നിയോജകമണ്ഡലത്തിലെ പ്രവർത്തനങ്ങൾ

180(194) ശ്രീ. പി. ബാലചന്ദ്രൻ: താഴെക്കാണുന്ന ചോദ്യത്തിന് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കയർ വകുപ്പുമായി ബന്ധപ്പെട്ട് തൃശ്ശൂർ നിയോജകമണ്ഡലത്തിൽ നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന പ്രവർത്തനങ്ങൾ വിശദമാക്കാമോ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

തൃശ്ശൂർ നിയോജകമണ്ഡലത്തിന്റെ ഭൂരിഭാഗവും തൃശ്ശൂർ കോർപ്പറേഷൻ അതിർത്തിയിൽ ആയതിനാൽ കയർ സഹകരണ സംഘങ്ങൾ ഒന്നുംതന്നെ ഈ പ്രദേശങ്ങളിൽ പ്രവർത്തിക്കുന്നില്ല. കയർ ഭൂവസ്ത്രത്തിന് തൃശ്ശൂർ കോർപ്പറേഷനിൽനിന്നും ഓർഡറുകളൊന്നും ലഭ്യമായിട്ടില്ല.

കയർ മേഖലയ്ക്കുവേണ്ടി നടപ്പിലാക്കിയ പദ്ധതികൾ

181(195) ശ്രീ. പി. പി. ചിത്തരഞ്ജൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2011-2016 കാലയളവിൽ കയർ മേഖലയ്ക്കുവേണ്ടി നടപ്പിലാക്കിയ പദ്ധതികളുടെ വിവരം ലഭ്യമാക്കാമോ; ചെലവഴിച്ച തുക സഹിതം വിശദവിവരം നൽകുമോ?

അനുബന്ധം (1)- ആയി ചേർത്തിരിക്കുന്നു.*

(ബി) 2016-2021 വരെ നടപ്പിലാക്കിയ പദ്ധതികളുടെ വിവരം ലഭ്യമാക്കാമോ; പ്രസ്തുത കാലയളവിൽ എത്ര തൊഴിൽ ദിനങ്ങൾ സൃഷ്ടിക്കുവാൻ കഴിഞ്ഞിട്ടുണ്ട്; വ്യക്തമാക്കുമോ?

അനുബന്ധം (2)-ആയി ചേർത്തിരിക്കുന്നു.*

കയർ മേഖലയെ നവീകരിക്കാൻ നടപടി

182(196) ശ്രീ. തോമസ് കെ. തോമസ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പരമ്പരാഗത കയർ തൊഴിലാളികളെ സഹായിക്കാൻ എന്തൊക്കെ പുതിയ നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ?

പരമ്പരാഗത തൊഴിലാളികൾ പണിയെടുക്കുന്ന പരമ്പരാഗത റാട്ടുകൾ, ഇലക്ട്രോണിക് റാട്ടുകൾ എന്നിവയിലെ കയർ ഉല്പാദനത്തിന് കൂലിയുടെ ഒരു വിഹിതം ഇൻകം സപ്പോർട്ട് എന്ന രീതിയിൽ സർക്കാർ വഹിക്കുന്നുണ്ട്. പരമ്പരാഗത കയർപിരി മേഖലയിലെയും ഇലക്ട്രോണിക് റാട്ട് ഉപയോഗിക്കുന്നവരുടേയും മിനിമം കൂലി 1-1-2019 മുതൽ പ്രതിദിനം 350 രൂപയായി വർദ്ധിപ്പിച്ചിട്ടുണ്ട്. ഇവർക്ക് 110 രൂപ പ്രതിദിനം സർക്കാരിന്റെ വരുമാനം ഉറപ്പാക്കൽ പദ്ധതിപ്രകാരം ലഭ്യമാകും. കേരളത്തിലെ കയർ തൊഴിലാളികൾ ഉൽപ്പാദിപ്പിക്കുന്ന കയർ സംഭരിച്ച് മാർക്കറ്റ് വിലയ്ക്ക് ആനുപാതികമായി പ്രൈസ് ഫ്ളക്ചേഷൻ ഫണ്ട്

*നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.